

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



*ICC Bulletin Vol. 2. 4* *July - August 2007*


# Message of the Chaplain

യേശുക്രിസ്തുവിനെ 'കർത്താവും, ദൈവവുമായി' ഏറ്റുപറഞ്ഞു് സ്വീകരിക്കുന്നവർക്ക് ലഭിക്കുന്ന ഏറ്റവും മഹത്തായ ദൈവീക ദാനമാണ് വിശുദ്ധ കുർബ്ബാന. അനേകം തലമുറകളുടെ ഹൃദയത്തിന്റേയും, ആത്മാവിന്റേയും സാംസ്ക്കാരിക സ്പന്ദനമുള്ള മാതൃഭാഷയുടേയും വിശ്വാസപാരമ്പര്യത്തിന്റേയും തനിമയോടെ ദിവ്യബലി അർപ്പിക്കുവാനും അനുദിനം ദിവ്യഭോജനം സ്വീകരിക്കുവാനും ദൈവം നമുക്ക് അവസരമേകുന്നു.

നമ്മുടെ കൗദാശിക കൂട്ടായ്മയുടെ ജീവധാരയിൽനിന്നും ലഭിക്കുന്ന പോഷണവും ശക്തിയും നമ്മുടെ തലമുറകൾക്ക് കലർപ്പില്ലാതെ പകർന്ന്കൊടുക്കുവാൻ നമുക്കെല്ലാവർക്കും ഉത്തരവാദിത്ത്വമുണ്ട്. ഇതുതന്നെയാണ് നമ്മുടെ ഇടവകയിലെ സകല കർമ്മ പദ്ധതികളുടേയും ആദ്യന്തികമായ ലക്ഷ്യം. അതിനാവശ്യമായ അവസരങ്ങളും, വേദികളും ഒരുക്കുകയും നമ്മുടെ ഇളംതലമുറയ്ക്ക് ആവശ്യമായ വിശ്വാസപരിശീലനവും കൗദാശിക പരിപോഷണവും നൽകുവാനുള്ള നമ്മുടെ മലയാളി കത്തോലിക്കാ ഇടവകയുടെ എല്ലാ ഉദ്യമങ്ങളേയും ഏവരും ഹൃദയപൂർവ്വം സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ ഇടവകസമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഞായറാഴ്ചകളിലെ വിശുദ്ധ കുർബ്ബാനയർപ്പണം ശക്തമായ ആത്മീയാനുഭൂതി ഉണർത്തുന്ന അനുഭവമാക്കുവാൻ ഇടവകാംഗങ്ങൾ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. വിശുദ്ധ കുർബ്ബാനയുടെ ആരാധനാർപ്പണത്തിനായി ദേവാലയത്തിലേയ്ക്ക് ദൈവാത്മാവ് നയിച്ചുകൊണ്ട് വരുന്ന ഓരോരുത്തരേയും സ്നേഹത്തോടും ആദരവോടുംകൂടി സ്വീകരിക്കുവാനുള്ള സന്മനസ്സ് നമുക്കുണ്ടാകണം. അവരുടെ യോഗ്യതയെപ്പറ്റിയോ, കുറവുകളെപ്പറ്റിയോ, ജീവിത പശ്ചാത്തലത്തെപ്പറ്റിയോ നമ്മൾ വ്യഗ്രതപ്പെടേണ്ടതില്ല. എകാഗ്രതയോടും, ഭക്തിയോടുംകൂടെ സ്വരമുയർത്തി ഹൃദയംകൊണ്ട് ദൈവത്തെ സ്തുതിക്കുവാനും ആരാധിക്കുവാനും, നമുക്ക് യോഗ്യതയുണ്ടെങ്കിൽമാത്രം ദിവ്യകാരുണ്യം സ്വീകരിക്കുവാനും തീഷ്ണതയുള്ളവരായിരുന്നാൽ മതി.

ഞായറാഴ്ചത്തെ ഏറ്റവും പ്രധാനപ്പെട്ടകാര്യം സ്വന്തം ഇടവകയിലെ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയാണെന്ന മുൻഗണനാബോധം കുട്ടികളിലും, യുവതീയുവാക്കളിലും ശക്തമായി ഉണർത്തുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

നമ്മുടെ ഇടവകയിലെ വിശുദ്ധ കുർബ്ബാനയർപ്പണം ഏറ്റവും ഭക്തിനിർഭരവും, അനുഭവസമ്പന്നവുമാക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക:

1. ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാന തുടങ്ങുന്നതിനു് അഞ്ചു് മിനിറ്റെങ്കിലും നേരത്തെ ദേവാലയത്തിൽ എത്തിച്ചേരുക.

2. വിശുദ്ധ കുർബ്ബാനയിലെ പ്രാർത്ഥനകൾ സമൂഹവുമായി സാധിക്കുന്നിടത്തോളം സ്വരചേർച്ചയോടെ ശബ്ദമുയർത്തി ചൊല്ലുവാൻ കുർബ്ബാനയർപ്പണത്തിന്റെ ആരംഭം മുതൽ അവസാനംവരെ എല്ലാവരും ശ്രദ്ധിക്കണം. പാട്ടുകൾ എല്ലാവരും ഉറക്കെ പാടണം. സമൂഹത്തിനു് മുഴുവൻ ഒന്നിച്ച് പാടാൻ പറ്റുന്നതും ഏറ്റവും ലളിതവും സാധിക്കുന്നിടത്തോളം നമ്മുടെ കുർബ്ബാന പുസ്തകത്തിൽ കൊടുത്തിരിക്കുന്നതുമായ ഗാനങ്ങൾ പാടിയാൽ മതി.

3. ആരുടേയും സ്വരം വ്യതിരിക്തമായി ഉയർന്ന് കേൾക്കുവാൻ ഇടവരരുതു്. ഗായകസംഘത്തിലെ ആരുടേയും സ്വരം മറ്റുള്ളവരുടേതിൽനിന്നും ഉയർന്ന് കേൾക്കരുത്. മൈക്ക്, പാടുന്നവരുടെ വായിൽനിന്ന് മുപ്പത് സെന്റീമീറ്റർ എങ്കിലും അകലെ ആയിരിയ്ക്കണം.

4. ഞായറാഴ്ചകളിലെ വിശുദ്ധ കുർബ്ബാനയ്ക്കുള്ള ഗാനങ്ങൾ ഗായകസംഘത്തിനു് നേതൃത്വം കൊടുക്കുന്ന വ്യക്തി മാത്രം അനുയോജ്യമായ സ്വരത്തിൽ ആരംഭിച്ചാൽ മതി. ഗാനങ്ങൾ ദീർഘമായി ആലപിച്ച് കുർബ്ബാനയുടെ സമയം ദീർഘിപ്പിക്കരുത്. സാധാരണ ദിവസങ്ങളിലെ കുർബ്ബാനയ്ക്കുള്ള ഗാനങ്ങൾ എല്ലാവർക്കും ഒന്നിച്ച് പാടാൻ പറ്റുന്ന ശ്രുതിയിൽ ആരംഭിക്കാൻ പറ്റുന്നവർ മാത്രം തുടങ്ങിയാൽ മതി. അതിന് പറ്റാത്തവർ സമൂഹത്തിന്റെ കൂടെ പാടിയാൽ മതി.

8. ആരാധനാ സമൂഹത്തിന്റെ ഏകാഗ്രതയ്ക്കും, ഭക്തിയ്ക്കും തടസ്സമാകുന്ന അപശബ്ദങ്ങളും, ആർക്കും കൂടെ പാടാനോ പ്രാർത്ഥിക്കുവാനോ പറ്റാത്ത അരോചക ശ്രുതിയും, ഉണ്ടാകാതിരിക്കുവാൻ പാട്ടുകൾക്കും, പ്രാർത്ഥനകൾക്കും നേതൃത്വം കൊടുക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണം.

ആയതിനാൽ, ഈ നിർദ്ദേശങ്ങൾ സ്വീകരിച്ച് നമ്മുടെ വിശുദ്ധ കുർബ്ബാനയർപ്പണം ഏറ്റവും അനുഭവസമ്പന്നമാക്കുവാൻ എല്ലാവരും ആത്മാർത്ഥമായി ശ്രമിക്കുമല്ലോ. അവധിയ്ക്കുപോകുന്ന എല്ലാവർക്കും പ്രാർത്ഥനാശംസകൾ നേരുന്നു.

**Chaplain: P. Thomas Thandappilly CST**

See page…. 2

# General Information

1. Please note the strict discipline of the Archdiocese of Vienna: Those who want to celebrate the Malayalam Mass outside the given centers of Maria Lourdes Meidling and Stadlau Chapel, can get the permission to do so only from three sources: 1) the Archdiocesan Ordinariat, Wollzeile 2, 2). Rektorat ARGE AAG, 3) Chaplain/Assist.Chaplain of the Indian Catholic Community. The local parish priests are not allowed to give permission to any priest to celebrate a public Mass in Malayalam and particularly in a Rite other than the Latin Rite. To celebrate a Holy Mass without proper permission is a misuse of the Eucharistic celebration.

2. For the House Blessing ceremony, both of private and solemn celebration, kindly inform the Chaplain/Assistant Chaplain of the ICC if it is done in the language of Malayalam. Priests should make sure that the concerned party has informed the ICC parish priest before the celebration of the event. This is a direction from the Rektorat of the ARGE AAG.

3. The official Prayer Unit Centers of the ICC at Am Tabor, Reinlgasse and Puchsbaumplatz, must not be used for any Projects, or for collecting money for any purpose. They are exclusively for the spiritual liturgical services. The Rektorat ARGE AAG will strictly restrict any misuse.

4. Without the prior permission of the Chaplain/Assistant Chaplain, no guest priests, sisters or laymen must be invited to conduct any service in the ICC Prayer Units.

5. Malayalee Priests who reside outside Austria, must show the ICC Chaplain/Assistant Chaplain their letter of authority of priestly service -celebrat – if they wish to be the Main Celebrant of the ICC Sunday Mass. Kindly give a photocopy it, to be kept in the AAG/ICC file.

6. The immigrant Catholics are obliged by the Law of the Church to register in the local eparchy (diocese), so that they become registered members of the local Church. Only such registered members (in DKD = Diözesanen Katholiken Datei) are allowed to receive any ecclesial document from any parish of the local diocese.

7. Registration at the Indian Catholic Community is only an additional facility for those who had already registered in the DKD of the Archdiocese of Vienna. The ICC registration alone without a DKD registration is not valid for claiming any rights or documents either from the ICC or from any parish institution of the Archdiocese of Vienna. The ICC will not give any ecclesial document to those who are not registered at the DKD of the Archdiocese of Vienna.

## Keep in mind these Events of the Jubilee Year:

1. Prize Distribution of the ICC Sports on **Sunday, 2nd September, 2007** after the Malayalam Mass in Maria Lourdes.
2. Jubilee Cultural Evening on **13th October. 2007** in Haus der Begegnung Floridsdorf.
3. Half Day Recollection on Saturday, **6th October, 2007** : from 13.00hrs to 17:00 Stadlau Chapel.
4. Solemn Concluding Liturgy of the Silver Jubilee Year **on 14th October, 2007**, **at 15.00 Hrs** in Meidling & Prize Distribution to the Catechism Children.

### Please remember!

**1. The last date of the reminder for the Jubilee Contribution: 15th August, 2007**
**2. Dues of the ICC-registered families will be entered in the ICC Registration Book- 2007 From 16th August, 2007.**

### Important Events in July - August - September 2007

| | | | |
|---|---|---|---|
| St. Thomas Day: Feast on 3rd of July | Sunday, 8th July<br>Solemn Liturgy | **11:30** | Maria Lourdes, Meidling<br>**No Mass** in Stadlau |
| Assumption of Our Lady: Marian Mass<br>Solemn Liturgy & Litany | Wednesday,<br>15th August | **18:30** | Maria Lourdes, Meidling |
| Pilgrimage to Maria Guging<br>Solemn Mass in Malayalam | Sunday, 19th August | **16:00** | Maria Guging, Klosterneuburg |
| Kairaly Nikethan Classes begin | Saturday, 8th Sept. | **14:00** | Probably in the New School |
| ICC Sports Prize Distribution | Sunday, 2nd Sept. | **12:45** | In Maria Lourdes, Meidling |
| Catechism Classes begin | Sunday, 9th September | | 10.45 Meidling; 16.45 Stadlau |

(Verleger: Thomas Sebastian for the Indian Catholic Community Vienna)